# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Mr. Benjamin Moses

Vol. XXVIII | YEAR OF OUR LORD JESUS CHRIST, JULY 2022 | No. 9


## വിശുദ്ധ വേദപുസ്തകം

**ദയവായി ഈ ഭാഗം മനഃപാഠമാക്കുക**

**സങ്കീർത്തനങ്ങൾ 30:1–10**

01. യഹോവേ, ഞാൻ നിന്നെ പുകഴ്ത്തുന്നു; നീ എന്നെ ഉദ്ധരിച്ചിരിക്കുന്നു; എന്റെ ശത്രുക്കൾ എന്നെക്കുറിച്ചു സന്തോഷിപ്പാൻ നീ ഇടയാക്കിയതുമില്ല.
02. എന്റെ ദൈവമായ യഹോവേ, ഞാൻ നിന്നോടു നിലവിളിച്ചു; നീ എന്നെ സൗഖ്യമാക്കുകയും ചെയ്തു.
03. യഹോവേ, നീ എന്റെ പ്രാണനെ പാതാളത്തിൽനിന്നു കരേറ്റിയിരിക്കുന്നു; ഞാൻ കുഴിയിൽ ഇറങ്ങിപ്പോകാതിരിക്കേണ്ടതിന്നു നീ എനിക്കു ജീവരക്ഷ വരുത്തിയിരിക്കുന്നു.
04. യഹോവയുടെ വിശുദ്ധന്മാരേ, അവന്നു സ്തുതി പാടുവിൻ; അവന്റെ വിശുദ്ധ നാമത്തിന്നു സ്തോത്രം ചെയ്‌വിൻ.
05. അവന്റെ കോപം ക്ഷണനേരത്തേക്കുള്ളു; അവന്റെ പ്രസാദമോ ജീവപര്യന്തമുള്ളതു; സന്ധ്യയിങ്കൽ കരച്ചൽ വന്നു രാപാർക്കും; ഉഷസ്സിലോ ആനന്ദഘോഷം വരുന്നു.
06. ഞാൻ ഒരുനാളും കുലുങ്ങിപ്പോകയില്ല എന്നു എന്റെ സുഖകാലത്തു ഞാൻ പറഞ്ഞു.
07. യഹോവേ, നിന്റെ പ്രസാദത്താൽ നീ എന്റെ പർവ്വതത്തെ ഉറെച്ചുനിൽക്കുമാറാക്കി; നീ നിന്റെ മുഖത്തെ മറെച്ചു, ഞാൻ ഭ്രമിച്ചുപോയി.
08. യഹോവേ, ഞാൻ നിന്നോടു നിലവിളിച്ചു; യഹോവയോടു ഞാൻ യാചിച്ചു.
09. ഞാൻ കുഴിയിൽ ഇറങ്ങിപ്പോയാൽ എന്റെ രക്തംകൊണ്ടു എന്തു ലാഭമുള്ളു; ധൂളി നിന്നെ സ്തുതിക്കുമോ? അതു നിന്റെ സത്യത്തെ പ്രസ്താവിക്കുമോ?
10. യഹോവേ കേൾക്കേണമേ; എന്നോടു കരുണയുണ്ടാകേണമേ; യഹോവേ, എന്റെ രക്ഷകനായിരിക്കേണമേ.

# നിങ്ങളുടെ തീരുമാനം നിങ്ങളുടെ വിധി നിർണ്ണയിക്കുന്നു!

## YOUR DECISION DETERMINES YOUR DESTINY!

**പാസ്റ്റർ. സാം സെൽവരാജ് മുഖ്യ സഭയിൽ നൽകിയ സന്ദേശം**

**ഈ ലോകത്തിലെ എല്ലാവരും അവരുടെ ജീവിതത്തിൽ നല്ലതു മാത്രം സംഭവിക്കണമെന്ന് ആഗ്രഹിക്കുന്നു - പ്രതീക്ഷിക്കുന്നതോ പ്രതീക്ഷിക്കാത്തതോ ആയ അനുഗ്രഹങ്ങൾ!, അഭിവൃദ്ധി!! എന്നാൽ ഓരോരുത്തർക്കും ദൈവത്തിൽ നിന്നുള്ള അതുല്ല്യമായ വിളിയുണ്ട്, അവൻ നാം ഓരോരുത്തരെയും വ്യത്യസ്ത വഴികളിലൂടെ നയിക്കുന്നു. നമ്മുടെ വിളി വ്യത്യസ്തമായിരിക്കാം - എന്നാൽ ശരിയായ സമയത്ത് നാം എടുക്കുന്ന തീരുമാനങ്ങൾ നമ്മുടെ ലക്ഷ്യസ്ഥാനം നിർണ്ണയിക്കുന്നു. പല വ്യക്തികളുടെയും ജീവിതം പഠിക്കുമ്പോഴാണ് ഈ സത്യം വെളിപ്പെട്ടുവരുന്നത്. പ്രവാചകരായ ഏലിയാവ്, എലീശ, എലീശയുടെ സഹായിയായ ഗേഹസി എന്നിവരുടെ ജീവിതം നമുക്ക് പഠിക്കാം. ഇവർ സമകാലീനരായിരുന്നു.**

### 1. ഏലിയാ പ്രവാചകൻ

ബി.സി. 910–896 കാലഘട്ടത്തിലാണ് ഏലിയാവ് ജീവിച്ചിരുന്നത്. അവൻ ഗിലെയാദ് ദേശത്തിൽ നിന്നുള്ള ഒരു തിശ്ബ്യനായിരുന്നു. മുൻ നിശ്ചയിക്കപ്പെട്ട പ്രകാരം അവൻ ദൈവത്തിന്റെ പ്രവാചകനായി വിളിക്കപ്പെട്ടു. അവന്റെ ജനനം, കുടുംബം ഇവയെക്കുറിച്ചൊന്നും ബൈബിളിൽ പരാമർശമില്ല.

ഏലിയാവ് എന്ന പേരിന്റെ അർത്ഥം "യഹോവ എന്റെ ദൈവം" എന്നാണ്. ഏലിയാവിന്റെ ജീവിതത്തെ മൊത്തമായി വീക്ഷിക്കുമ്പോൾ, അവനെ വിളിച്ചത് കർത്താവാണെന്നും ഒടുവിൽ അവനെ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ട് പോയതും കർത്താവാണെന്നും നമുക്ക് മനസ്സിലാക്കാം. അവൻ മരണം അനുഭവിച്ചിട്ടില്ല. അവന് ശവസംസ്കാര ശുശ്രൂഷ നൽകിയില്ല. അവൻ ഭൂമിയിലായിരുന്നപ്പോൾ മൃഗങ്ങളുടെ മുടി കൊണ്ടുള്ള കുപ്പായവും അരയിൽ തോൽവാറുമായി സഞ്ചരിച്ചു.


കാട്ടിൽ വിശുദ്ധ ജീവിതം നയിച്ചിരുന്ന ഈ മനുഷ്യനെ ദൈവം കണ്ടെത്തി തന്റെ വിസ്മയകരമായ പദ്ധതി നടപ്പിലാക്കുവാൻ തിരഞ്ഞെടുത്തു. ദൈവം തിരഞ്ഞെടുക്കുന്നതിന്റെ യോഗ്യത വിദ്യാഭ്യാസമോ, സമ്പത്തോ, കുടുംബ പാരമ്പര്യമോ അല്ല. ഏലിയാവ് എപ്പോഴും ദൈവത്തിന്റെ ശബ്ദം കേൾക്കാൻ തയ്യാറായിരുന്നു, കൂടാതെ കർത്താവ് ചെയ്യാൻ പറയുന്നത് ചെയ്യാനും തയ്യാറായിരുന്നു. ആഹാബ് രാജാവിന്റെയും അഹസ്യാ

3–ാം പേജിൽ തുടരും...

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

(ECHO GROUP)

## *from your dearly beloved brother...*




**"യഹോവ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ളവൻ" – സങ്കീർത്തനങ്ങൾ 145:8.**

പ്രിയപ്പെട്ട സഹോദരി സഹോദരന്മാരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അതിശയകരമായ നാമത്തിൽ ആശംസകൾ നേരുന്നു.

നിങ്ങൾ ഞങ്ങളുടെ ശുശ്രൂഷകളോടും ശുശ്രൂഷകരോടും കാണിക്കുന്ന സ്നേഹത്തിനും കരുതലിനും നന്ദിയർപ്പിക്കുന്നു. നിങ്ങളുടെ സ്നേഹം കൊണ്ട് ഞങ്ങൾ വളരെയധികം പ്രോത്സാഹിക്കപ്പെടുകയാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

നെഹെമ്യ ബൈബിൾ കോളേജിന്റെ ചെയർമാനായ പാസ്റ്റർ എം. മുത്തുവിന്റെ ആരോഗ്യത്തിൽ പുരോഗതിയുണ്ട്. അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന എന്റെ സ്നേഹിതന്മാർക്ക് ഞാൻ നന്ദിയർപ്പിക്കുന്നു. തുടർന്നും അദ്ദേഹത്തെ പ്രാർത്ഥനയിൽ ഓർക്കുവിൻ.

നിങ്ങൾ അറിയുന്നതുപോലെ വിളിയുടെ പ്രതിധ്വനി മാസിക, ഹിന്ദി, ഒറിയ, തമിഴ് ഭാഷകളിലെ നെഹെമ്യ ബൈബിൾ കോളേജ്, സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, ഞങ്ങളുടെ സഭകൾ എന്നിവയുടെ പ്രചരണ പ്രവർത്തനങ്ങളുമായി ഞങ്ങൾ വളരെയധികം തിരക്കിലാണ്. ചെന്നൈ നഗരത്തിനകത്തും പുറത്തുമുള്ള ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളെയും യാത്രകളെയും ദൈവം അനുഗ്രഹിക്കുന്നു. ഈ മാസം ഞങ്ങൾ തിരക്കിലായതിനാൽ ഞങ്ങളുടെ സന്ദേശം കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക് എന്ന പംക്തിയിലൂടെ അടുത്ത ലക്കത്തിൽ നൽകുന്നതാണ്.

കൂടാതെ, ഞങ്ങളുടെ സഹോദരനും വിളിയുടെ പ്രതിധ്വനി മാസികയുടെ സീനിയർ അസ്സോസിയേറ്റ് എഡിറ്ററുമായ ബ്രദർ. മാനുവേൽ എം. പോൾരാജ് 2022 മെയ് മാസം 25–ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. അദ്ദേഹത്തിന്റെ കുടുംബത്തിനുവേണ്ടി പ്രാർത്ഥിക്കുവിൻ. അദ്ദേഹത്തിന്റെ രോഗാവസ്ഥയിൽ സൗഖ്യത്തിനായി പ്രാർത്ഥിച്ച എല്ലാവരോടും ഞങ്ങൾ നന്ദിയുള്ളവരാണ്.

നെഹെമ്യ ബൈബിൾ കോളേജിന്റെ 23–ാമത് ബിരുദദാന ചടങ്ങ് 2022 ജൂൺ മാസം 3–ാം തിയതി നടത്തുകയുണ്ടായി. 23 പേർ ബിരുദധാരികളാകുകയും വചനം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ വചനവുമായി കടന്നുചെല്ലാൻ തയ്യാറാവുകയും ചെയ്തു.

മുൻ തീരുമാനപ്രകാരം നെഹെമ്യ ബൈബിൾ സ്കൂൾ (തമിഴിലെ സായാഹ്ന കോഴ്സ്, ഹിന്ദി/ഒറിയ ഭാഷയിലെ റസിഡൻഷ്യൽ കോഴ്സ്) 2022 ജൂൺ 6ന് തുറന്നു പഠനം ആരംഭിച്ചു. അതുപോലെ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളും ജൂൺ 13–ാം തിയതി തുറക്കുകയുണ്ടായി. ഈ രണ്ടു സ്ഥാപനങ്ങൾക്കായും പ്രാർത്ഥിപ്പിൻ.

ഈ ദിവസങ്ങളിൽ ഞങ്ങളുടെ കുടുംബാംഗങ്ങളിൽ ചിലരുടെയും ഞങ്ങളുടെ സഹപ്രവർത്തകരുടെ കുടുംബാംഗങ്ങളുടെയും ശാരീരിക സൗഖ്യത്തിനായി പ്രാർത്ഥന ആവശ്യമായിരിക്കുന്നു. പ്രാർത്ഥിക്കുവിൻ.

ദൈവരാജ്യ വർദ്ധനവിനുവേണ്ടിയുള്ള ഞങ്ങളുടെ വിവിധ പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുവിൻ.

വരുന്ന നാളുകളിൽ ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കട്ടെ!

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ

**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**
(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com



### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

**CHIEF EDITOR**
Angeline Selvakumari Henry, M.A., M.Ed.

**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**
Bro. N. Prakasam, M.A., General Manager

**EDITORIAL BOARD**
Sis. Jesy Veena Sam
Bro. M. Paulraj, M.A., B.Ed.
Sis. Serena Bevin, M.A., M.Phil., B.Ed.

**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**E.mail ID**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**
Echo of His Call

**Our Ministries:** ECHO OF HIS CALL Monthly Magazines (16 languages) ☼ BIBLECOR - Postal Courses (3 languages) ☼ Online Courses ☼ Theological Correspondence Courses (2 languages) ☼ Church Planting ☼ Nehemiah Bible Colleges ☼ Gospel Printing Press ☼ Great Commission Partners ☼ St. Paul's Matriculation School ☼ Crusades ☼ Community Development

*1-ാം പേജിന്റെ തുടർച്ച...*

രാജാവിന്റെയും കാലഘട്ടത്തിൽ ദൈവം അവനെ പ്രവാചകനാക്കി. ഏലിയാവിന്റെ കാലത്ത് ഒമ്രിയുടെ മകനായ ആഹാബ് യിസ്രായേലിന്റെ രാജാവായി. അവന്റെ മുമ്പുള്ളവരെക്കാളും കൂടുതൽ തെറ്റുകൾ ചെയ്ത് ദൈവത്തിനു ഹിതമല്ലാത്തവനായിത്തീർന്നു. അവൻ നെബാത്തിന്റെ മകനായ യൊരോബെയാമിന്റെ പാപങ്ങളിൽ നടന്നതു കൂടാതെ സീദോന്യ രാജാവായ എത്ത്ബാലിന്റെ മകളായ ഈസേബേലിനെ ഭാര്യയായി എടുക്കയും ബാലിനെ സേവിച്ച് ആരാധിക്കുവാനും തുടങ്ങി. അവൻ ശമര്യയിൽ പണിത ബാലിന്റെ ക്ഷേത്രത്തിൽ ബാലിന് ഒരു ബലിപീഠം സ്ഥാപിച്ചു (1 രാജാക്കന്മാർ 16:30-32). ഒരു യിസ്രായേല്യ രാജാവ് ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച ദൈവത്തെ ആരാധിക്കുന്നതിനു പകരം അന്യജാതിക്കാരുടെ ദൈവത്തെ ആരാധിക്കുകയായിരുന്നു.

### 1. മഴ പെയ്യുകയില്ല എന്നു ഏലിയാവു പറഞ്ഞു, മഴ പെയ്തില്ല:

ഏലിയാവ് ദൈവത്തിന്റെ വചനത്തെ ഉദ്ധരിച്ചുകൊണ്ട് ആഹാബിന്റെ മുമ്പാകെ പ്രവചിച്ചു പറഞ്ഞത്: "ഞാൻ സേവിച്ചു നിൽക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണ, ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല എന്നു പറഞ്ഞു". അവൻ പറഞ്ഞതുപോലെ തന്നെ മൂന്നു വർഷവും ആറു മാസവും ദേശത്തു മഴ പെയ്തില്ല. ദൈവം പറഞ്ഞത് രാജാവിന്റെ മുമ്പിൽ അവതരിപ്പിക്കാൻ അവന് ഭയമില്ലായിരുന്നു.

ഏലിയാവ് വിശുദ്ധനും ദൈവഭക്തനും ആയിരുന്നു. അവന് ദൈവത്തിലുള്ള വിശ്വാസം വലിയതായിരുന്നു. അവൻ ധീരനായിരുന്നു, അനന്തരഫലങ്ങളെക്കുറിച്ച് ഭയമില്ലാത്തവനുമായിരുന്നു.

### 2. അവൻ അനുസരണയുള്ള പ്രവാചകനായിരുന്നു.

"**നീ ഇവിടെ നിന്നു പുറപ്പെട്ട് കിഴക്കോട്ടു ചെന്നു യോർദ്ദാനു കിഴക്കുള്ള കെരീത്ത് തോട്ടിനരികെ ഒളിച്ചിരിക്ക**" എന്നു ദൈവം ഏലിയാവിനോടു പറഞ്ഞു. ദൈവം പറഞ്ഞതുപോലെ അവൻ അങ്ങോട്ടു പോയി. കർത്താവ് വാഗ്ദത്തം ചെയ്തിരുന്നതുപോലെ രാവിലെയും വൈകുന്നേരത്തും കാക്കകൾ അവനുള്ള ആഹാരം കൊണ്ടു കൊടുക്കുമായിരുന്നു. ഏറെക്കാലമായി മഴയില്ലായിരുന്നതിനാൽ തോട്ടിലെ വെള്ളം വറ്റിപ്പോയി. ദൈവം അവനോട് നീ എഴുന്നേറ്റ് സീദോനിലുള്ള സാരഫാത്തിൽ ചെന്ന് അവിടെ ഒരു വിധവയുടെ ഭവനത്തിൽ പാർക്ക എന്നു പറഞ്ഞു. ഏലിയാവ് ഈ കല്പനയും അനുസരിച്ചു. സാരഫാത്തിലെ വിധവയെ അവൻ കണ്ടെത്തി അവളോട് അപ്പവും വെള്ളവും ആവശ്യപ്പെട്ടു. അവൾക്ക് അല്പമേ ഉണ്ടായിരുന്നുള്ളു എങ്കിലും അവന് ആവശ്യമായത് അവർ നൽകി. അതിനാൽ അവൾ അനുഗ്രഹിക്കപ്പെട്ടു. മഴയാൽ ഭൂമി അനുഗ്രഹിക്കപ്പെട്ടതുവരെ അവർ അനുഗ്രഹിക്കപ്പെട്ടു. പിന്നീട് അവളുടെ മകനെ മരണത്തിൽനിന്നും ഏലിയാവ് ഉയിർപ്പിക്കുകയും ചെയ്തു.

### 3. അവൻ ധീരനായ പ്രവാചകനായിരുന്നു (1 രാജാക്കന്മാർ 18:18–39)

ആഹാബ് രാജാവിന്റെ മുമ്പാകെ തന്നെത്തന്നെ കാണിക്കുവാൻ ദൈവഹിതപ്രകാരം ഏലിയാവ് പോയി. എല്ലാ യിസ്രായേല്യരെയും ബാലിന്റെ 450 പ്രവാചകന്മാരെയും അശേരയുടെ 400 പ്രവാചകന്മാരെയും കർമ്മേൽ പർവ്വതത്തിൽ കൂട്ടിവരുത്തുവാൻ രാജാവിനോട് ആവശ്യപ്പെട്ടു. അവിടെ കൂടിവന്നവരോട് ഏലിയാവ്: "നിങ്ങൾ എത്രത്തോളം രണ്ടു വള്ളത്തിൽ സഞ്ചരിക്കും? യഹോവയോ ബാലോ, ആരാണ് ദൈവമെന്നറിഞ്ഞ് അവനെ പിന്തുടരുവിൻ". അവൻ തുടർന്നു: "ഞങ്ങൾക്കു രണ്ടു കാളകളെ തരുവിൻ, ഒന്നിനെ അവർ ബാലിനു ബലിയായി വിറകിന്മേൽ വയ്ക്കട്ടെ, തീ ഇടരുത്. ഒന്നിനെ ഞാനും ദൈവത്തിനു യാഗമായി സമർപ്പിക്കാം. ഞാനും തീ ഇടുന്നില്ല". അങ്ങനെ അവർ കാളയെ യാഗപീഠത്തിൽ വച്ച് രാവിലെ മുതൽ വൈകുന്നേരം വരെ ബാലിന്റെ നാമം വിളിച്ചപേക്ഷിച്ചു, "ബാലേ,ഞങ്ങളെ കേൾക്കേണമേ" എന്നു വിളിച്ചുകൊണ്ട് തങ്ങളെത്തന്നെ മുറിപ്പെടുത്തി എങ്കിലും ഒന്നും സംഭവിച്ചില്ല. അവർ തോൽവി സമ്മതിച്ചു.

അപ്പോൾ ഏലിയാവ് യഹോവയുടെ നാമത്തിൽ കല്ലുകൾ കൊണ്ട് ഒരു യാഗപീഠം പണിതു. അവൻ യാഗപീഠത്തിനു ചുറ്റും ഒരു കിടങ്ങുണ്ടാക്കി. അവൻ വിറകു അടുക്കി കാളയെ കഷണം കഷണമാക്കി വിറകിന്മേൽ കിടത്തി. നാലു തൊട്ടിയിൽ വെള്ളം നിറച്ച് ഹോമയാഗത്തിലും വിറകിലും ഒഴിക്കുവാൻ പറഞ്ഞു. അവർ അങ്ങനെ ചെയ്തപ്പോൾ രണ്ടാം പ്രാവശ്യവും മൂന്നാം പ്രാവശ്യവും വെള്ളം ഒഴിക്കാൻ പറഞ്ഞു. അങ്ങനെ വെള്ളം യാഗപീഠത്തിനു ചുറ്റും ഒഴുകി, കിടങ്ങിലും അവൻ വെള്ളം നിറച്ചു.

ഭോജനയാഗം കഴിക്കുന്ന നേരമായപ്പോൾ ഏലിയാ പ്രവാചകൻ അടുത്തു ചെന്നു: "**അബ്രഹാമിന്റെയും യിസഹാക്കിന്റെയും യിസ്രായേലിന്റെയും ദൈവമായ യഹോവേ, യിസ്രായേലിൽ നീ ദൈവമെന്നും ഞാൻ നിന്റെ ദാസൻ എന്നും ഈ കാര്യങ്ങളൊക്കെയും ഞാൻ നിന്റെ കല്പനപ്രകാരം ചെയ്തു എന്നും ഇന്നു വെളിപ്പെട്ടുവരട്ടെ**" (1 രാജാക്കന്മാർ 18:36).

അപ്പോൾ യഹോവയുടെ തീ ഇറങ്ങി ഹോമയാഗവും വിറകും പൊടിയും കല്ലും എല്ലാം ദഹിപ്പിച്ചു. കെട്ടി നിന്ന വെള്ളവും ദഹിച്ചുപോയി. ജനമൊക്കെയും അതുകണ്ട് കവിണ്ണുവീണു; "യഹോവ തന്നെ ദൈവം, യഹോവ തന്നെ ദൈവം" എന്ന് ആർത്തു വിളിച്ചു. സ്വർഗ്ഗത്തിൽ നിന്നും തീയിറക്കി അർദ്ധ മനസ്സോടെ മാത്രം വിശ്വസിച്ചിരുന്ന ജനത്തിനു ഏലിയാവ് പൂർണ്ണ വിശ്വാസം നൽകി യഹോവ തന്നെ ദൈവം എന്നു തെളിയിച്ചു.

ഇന്നത്തെ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള ദൈവദാസന്മാരെയും പ്രവാചകന്മാരെയും കാണാൻ പ്രയാസമാണ്. ഒരു അത്ഭുതം സംഭവിക്കുകയോ, ഒരു പ്രവചനം നിവർത്തീകരിക്കുകയോ ചെയ്യുകയാണെങ്കിൽ ഉടനെ തന്നെ ദൈവദാസന്മാർ ആ കുടുബത്തിൽ ചെന്ന് തങ്ങളുടെ പ്രാർത്ഥനയാലാണ് ഇത് സംഭവിച്ചത് എന്നു അവകാശപ്പെടുന്നത് നാം കാണുന്നില്ലേ? ബന്ധപ്പെട്ട ദൈവദാസന്റെ ക്യാമറാസംഘം, എല്ലാ മാധ്യമ സജ്ജീകരങ്ങളോടുകൂടെ ആ കുടംബാംഗങ്ങളെ ചുറ്റിപ്പറ്റി ആ ഭവനത്തിൽ തമ്പടിച്ച് അത് ബിസിനസ്സാക്കി മാറ്റുന്നത് നാം കാണുന്നതല്ലേ? ഇത്തരം ബിസിനസ്സ് പ്രവാചകന്മാരെ പിന്തുണക്കുന്നവരുടെ എണ്ണവും വർദ്ധിച്ചുവരികയാണ്. ദൈവമാണ് അത്ഭുതം പ്രവർത്തിക്കുന്നത്. "**സൗജന്യമായി നിങ്ങൾക്കു ലഭിച്ചു, സൗജന്യമായി കൊടുപ്പിൻ**" (മത്തായി 10:8).

## 2. എലിശാ പ്രവാചകൻ

എലീശ പന്ത്രണ്ട് ഏർ കാളയെ പൂട്ടി നിലം ഉഴുതുകൊണ്ടിരുന്ന സമയത്താണ് ഏലിയാവ് ദൈവഹിതപ്രകാരം അവനെ കണ്ടെ

ത്തിയതും പുതപ്പ് അവന്റെ മേൽ ഇട്ടതും. എലീശ അവനെ അനുഗമിച്ചു, അവന്റെ പരിചാരകനായി (1 രാജാക്കന്മാർ 19:19). ഏലിയാ പ്രവാചകൻ ജീവനോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതിനുശേഷം എലീശാ പ്രവാചകൻ യോരാം, യേഹു, യഹോവാഹാസ് എന്നീ രാജാക്കന്മാരുടെ കാലഘട്ടത്തിൽ അത്ഭുതം പ്രവർത്തിക്കുന്ന പ്രവാചകനായി.

ഏലിയാവിന്റെ കീഴിൽ എലീശയുടെ പരിശീലനം അതികഠിനമായിരുന്നു. കഠിനാദ്ധ്വാനവും കഠിന പരിശീലനവും ഉള്ളവർക്കുമാത്രമേ ഒരു നല്ല ദൈവദാസനാകുവാൻ സാധിക്കുകയുള്ളൂ. കഠിനാദ്ധ്വാനം, ശരിയായ പരിശീലനം, ശരിയായ പ്രവർത്തനങ്ങൾ, ഇവയൊക്കെയും ചെയ്യാൻ മനസ്സുള്ളവർക്കു മാത്രമേ നേട്ടങ്ങൾ കൈവരിക്കാനാകുകയുള്ളൂ. ഞായർ ആരാധനകളിൽ പങ്കെടുക്കുന്നത് വലിയ ത്യാഗമാണെന്നു ചിന്തിക്കുന്നവർക്കു നല്ല ദൈവദാസന്മാരാകുവാൻ കഴിയുകയില്ല.

**1. തന്നെ ശുശ്രൂഷയ്ക്കു വിളിച്ച വ്യക്തിയുമായി എലീശ ഒന്നായിത്തീർന്നു.**

ഏലിയാവും എലീശയും ഗിൽഗാലിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നപ്പോൾ "നീ ഇവിടെ ശുശ്രൂഷ ചെയ്ക, ദൈവം എന്നെ ബേഥേലിലേക്ക് അയച്ചിരിക്കുന്നു" എന്ന് ഏലിയാവ് എലീശയോടു പറഞ്ഞു. പക്ഷെ തന്റെ നേതാവിനെ വിട്ടുപോകില്ല എന്ന ഉറച്ച തീരുമാനത്തിലായിരുന്നു എലീശ. "യഹോവയാണ, നിന്റെ ജീവനാണ, ഞാൻ നിന്നെ വിടുകയില്ല" എന്ന് എലീശ പറഞ്ഞു. അതിനാൽ ഏലിയാവ് പോയേടത്തെല്ലാം എലീശയും കൂടെ പോയി.

അങ്ങനെ അവർ ഒരുമിച്ച് ആദ്യം ബേഥേലിലേക്കും അവിടെ നിന്ന് യെരിഹോയിലേക്കും യോർദ്ദാനിലേക്കും പോയി. ഇവിടെ വെച്ചെല്ലാം എലീശയെ തനിയെ വിടുവാൻ ഏലിയാവ് പരമാവധി ശ്രമിച്ചു. പക്ഷെ എലീശ തന്റെ നേതാവിനെ വിട്ടുപോകാൻ കൂട്ടാക്കാതെ അദ്ദേഹം പോയ സ്ഥലങ്ങളിലെല്ലാം കൂടെ പോയി.

യോർദ്ദാനിൽ വച്ച് നദി കടന്നു പോകണം എന്ന് ഏലിയാവ് പറഞ്ഞപ്പോൾ എലീശയും കൂടെ വരുന്നു എന്നു പറഞ്ഞു. അവിടെയും ഏലിയാവിനെ വിട്ടുപോരുവാൻ എലീശയ്ക്കു മനസ്സായില്ല. ഏലിയാവ് തന്റെ പുതപ്പ് എടുത്ത് യോർദ്ദാൻ നദിയെ അടിച്ചപ്പോൾ വെള്ളം രണ്ടായി പിരിഞ്ഞു. അതിലൂടെ രണ്ടുപേരും നദി മുറിച്ചു കടന്നു.

താൻ ഉടനെ തന്നെ ഈ ഭൂമി വിട്ടുപോകുമെന്ന് ഏലിയാവ് എലീശയോടു പറഞ്ഞു. "ഞാൻ നിന്റെ അടുക്കൽ നിന്നും എടുക്കപ്പെടുന്നതിനുമുമ്പ് ഞാൻ നിനക്ക് എന്തു ചെയ്തുതരേണം" എന്ന് ഏലിയാവ് ചോദിച്ചു. "നിന്റെ ആത്മാവിന്റെ ഇരട്ടി പങ്ക് എനിക്ക് തരുമാറാകേണം" എന്നു എലീശ പറഞ്ഞു. "നീ ബുദ്ധിമുട്ടുള്ള കാര്യമാണ് ചോദിച്ചത്. ഞാൻ പോകുന്നത് നീ കാണുന്നു എങ്കിൽ നിന്റെ ആഗ്രഹം നടക്കും, ഇല്ല എങ്കിൽ ആഗ്രഹം നടക്കുകയില്ല" എന്ന് ഏലിയാവ് പറഞ്ഞു. എലീശ ഏലിയാവിനെ സശ്രദ്ധം വീക്ഷിച്ചുകൊണ്ടിരുന്നപ്പോൾ സ്വർഗ്ഗത്തിൽനിന്നും അഗ്നിരഥം കുതിരകളുമായി വന്ന് ഏലിയാവിനെ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഏലിയാവ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടപ്പോൾ എലീശ നിലവിളിക്കുകയും വിലപിക്കുകയും ചെയ്തു. ഏലിയാവിൽ നിന്നും വീണ പുതപ്പും എടുത്തുകൊണ്ട് എലീശ യോർദ്ദാൻ നദിയുടെ തീരത്തു നിന്നു.

**2. എലീശ ഒരിക്കലും നിരാശനായിരുന്നില്ല.**

തന്റെ നേതാവിന്റെ വാക്കുകളിലൂടെയും പ്രവർത്തിയിലൂടെയും താൻ പലപ്പോഴും പരീക്ഷിക്കപ്പെട്ടു എന്ന് എലീശയ്ക്ക് അറിയാമായിരുന്നു എങ്കിലും അദ്ദേഹം ഒരിക്കൽ പോലും നിരാശനായില്ല.

കഷ്ടപ്പെടുന്നവരെ സഹായിക്കാൻ ദൈവത്തിനു കഴിയും. അവർ ഒരിക്കലും ലജ്ജിതരാകുകയില്ല. നിങ്ങളുടെ ജീവിതത്തിൽ നടക്കേണ്ടതായ ചിലതൊന്നും നടന്നിട്ടില്ല എന്നു നിങ്ങൾ ചിന്തിച്ചേക്കാം. നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചില്ല എന്നും ദിവസങ്ങളും പണവുമെല്ലാം വെറുതെ ചിലവഴിച്ചു എന്നും ചിന്തിച്ചേക്കാം. നിങ്ങൾ കർത്താവിനെ സേവിക്കുകയാണെങ്കിലും എല്ലാം പരാജയത്തിലേക്ക് നയിക്കുന്നു എന്നു തോന്നിയേക്കാം. "യഥാർത്ഥത്തിൽ ഒരു ദൈവമുണ്ടോ?" എന്നും ചിന്തിച്ചേക്കാം.

നിങ്ങൾ ഇപ്പോൾ നിരാശയിലാണോ? ഹൃദയത്തെ നഷ്ടപ്പെടുത്തരുത്, ധൈര്യമായിരിപ്പിൻ. ദൈവം നിശ്ചയമായും അപ്രതീക്ഷിതമായി ഒരു അതിശയം പ്രവർത്തിക്കും. എലീശയെപ്പോലെ രൂപാന്തരപ്പെടുക. അങ്ങനെയെങ്കിൽ നിശ്ചയമായും മാറ്റങ്ങൾ ഉണ്ടാകും, സാഹചര്യങ്ങളും മാറും പക്ഷെ കർത്താവ് മാറ്റമില്ലാത്തവനാണ്.

ഏലിയാവിനെ ദൈവം സ്വർഗ്ഗത്തിലേക്ക് എടുത്തപ്പോൾ "എന്റെ പിതാവേ, എന്റെ പി

*06-ാം പേജിൽ തുടരും...*

नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।

ECHO OF HIS CALL 1969-2019 GOLDEN JUBILEE (ECHO GROUP)

माध्यमः हिन्दी

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ★ ECHO OF HIS CALL ★ Estd.: 1969

सदस्यता के लिए पंजीकृत उम्मीदवार - ATA

सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 53 वर्षों से सेवारत वरिष्ठ पासवान

सर्टिफिकेट इन थियोलॉजी – 1 साल
डिप्लोमा ऑफ थियोलॉजी – 2 साल

योग्यता 10 वी या अधिक
जल्दी करें!

Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org
★ ऑनलाइन कक्षाएं उपलब्ध हैं ★

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ജൂലൈ 19** : സുവിശേഷം എത്തിച്ചേരാത്ത വടക്കേ ഇന്ത്യയിലെ സ്ഥലങ്ങളിൽ കടന്നു ചെല്ലാൻ സഹായിച്ചതിനായി.

**ജൂലൈ 20** : നമ്മെ പിന്താങ്ങുന്നവരുടെ പ്രാർത്ഥനകൾക്കും സഹായത്തിനുമായി.

**ജൂലൈ 21** : **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, തിയോളജിക്കൽ കറസ്പോണ്ടൻസ്** കോഴ്സ് എന്നിവയെ ദൈവം അനുഗ്രഹിച്ചതിനായി.

**ജൂലൈ 22** : പാസ്റ്റർ സാം സെൽവരാജിനെയും കുടുംബാംഗങ്ങളെയും ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചതിനായി.

**ജൂലൈ 23** : നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

**ജൂലൈ 24** : പുതിയ വിശ്വാസികളുമായി മുഖ്യസഭയെയും സഹോദരീസഭകളെയും ദൈവം അനുഗ്രഹിച്ചതിനായി.

**ജൂലൈ 25** : നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

**ജൂലൈ 26** : നമ്മുടെ ജീവനക്കാരുടെ കുടുംബാംഗങ്ങളെ ദൈവം അനുഗ്രഹിച്ചതിനായി.

**ജൂലൈ 27** : നമ്മുടെ രാഷ്ട്രങ്ങളെ ദൈവം സംരക്ഷിച്ചുകൊണ്ടിരിക്കുന്നതിനായി.

**ജൂലൈ 28** : 2022 ജൂൺ 3-ാം തീയതി നടന്ന നെഹെമ്യ ബൈബിൾ കോളേജിന്റെ ബിരുദദാന ചടങ്ങ് അനുഗ്രഹപ്രദമാക്കിയതിനായി.

**ജൂലൈ 29** : അഭിഷേകമുള്ള പുതിയ വിശ്വാസികൾ സഭകളിൽ വന്നുകൊണ്ടിരിക്കുന്നതിനായി.

**ജൂലൈ 30** : നെഹെമ്യ ബൈബിൾ കോളേജിന്റെ റെസിഡൻഷ്യൽ, സായാഹ്ന കോഴ്സുകളിൽ അനുയോജ്യരായ വിദ്യാർത്ഥികൾ ലഭിച്ചതിനായി.

**ജൂലൈ 31** : റസിഡൻഷ്യൽ ബൈബിൾ കോളേജിന്റെ അത്യാവശ്യ കാര്യങ്ങളായ വാട്ടർ കൂളർ, റിഫ്രജറേറ്റർ, കട്ടിലുകൾ, മെത്തകൾ, പാത്രങ്ങൾ എന്നിവ വാങ്ങുവാൻ സഹായിച്ചതിനായി.

**ആഗസ്റ്റ് 01** : സംസ്ഥാന കോഡിനേറ്റർമാർക്കും അവരുടെ കൂട്ടായ്മക്കുമായി.

**ആഗസ്റ്റ് 02**: മിഷൻ പ്രവർത്തകരുടെ അർപ്പണ മനോഭാവത്തിനായി.

**ആഗസ്റ്റ് 03**: നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബത്തെയും എല്ലാ തിന്മകളിൽനിന്നും ദൈവം സംരക്ഷിച്ചുകൊണ്ടിരിക്കുന്നതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ആഗസ്റ്റ് 04**: നമ്മുടെ ഇംഗ്ലീഷ് അസ്സോസിയേറ്റ് എഡിറ്റർ ബ്രദ. പോൾരാജ് 2022 മെയ് 25-ാം തിയതി കർത്താവിനോട് ചേർക്കപ്പെട്ടു. കുടുംബാംഗങ്ങൾക്കായി പ്രാർത്ഥിപ്പിൻ.

**ആഗസ്റ്റ് 05**: സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ കടന്നു ചെല്ലാൻ സഹായിച്ചതിനായി.

**ആഗസ്റ്റ് 06**: എല്ലാ മതങ്ങളും തമ്മിലുള്ള ഒത്തൊരുമയ്ക്കായി.

**ആഗസ്റ്റ് 07**: രാജ്യങ്ങൾക്ക് ദൈവത്തോടുള്ള നല്ല പ്രതിബദ്ധതയ്ക്കായി.

**ആഗസ്റ്റ് 08**: ദൈവരാജ്യം ഭൂമിയിൽ സ്ഥാപിതമാക്കുവാനുള്ള പുതിയ കാഴ്ചപ്പാടിനായി.

**ആഗസ്റ്റ് 09**: നമ്മുടെ രാജ്യത്തിന്റെ എല്ലാ കാര്യാദികളിലും പദ്ധതികളിലുമുള്ള ഒത്തൊരുമയ്ക്കായി.

**ആഗസ്റ്റ് 10** : നാം ശുശ്രൂഷയുടെ 54-ാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. പ്രാർത്ഥിക്കുവിൻ.

**ആഗസ്റ്റ് 11** : റഷ്യയും ഉക്രൈനും തമ്മിലുള്ള യുദ്ധത്തിനായും ലോകത്തിൽ സമാധാനം പുനഃസ്ഥാപിക്കുവാനും.

**ആഗസ്റ്റ് 12** : ലോകം മുഴുവനുമുള്ള സമാധാനത്തിനായി.

**ആഗസ്റ്റ് 13** : സീനിയർ പാസ്റ്ററുടെ ജീവചരിത്ര രചന തടസ്സമില്ലാതെ മുന്നോട്ടു പോകുന്നതിനായി.

**ആഗസ്റ്റ് 14** : സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാകുവാൻ.

**ആഗസ്റ്റ് 15** : കോഡിനേറ്റർമാർക്കും പാസ്റ്റർമാർക്കും ദൈവം പുതിയ ശക്തി നൽകുവാൻ.

**ആഗസ്റ്റ് 16** : എല്ലാ ക്രിസ്തീയ സംഘടനകൾക്കായും.

**ആഗസ്റ്റ് 17** : മിഷൻ ഫീൽഡിലെ നമ്മുടെ പ്രവർത്തകർക്കായി.

**ആഗസ്റ്റ് 18** : സീനിയർ പാസ്റ്ററിന്റെ പദ്ധതികൾ വിജയകരമായിത്തീരുവാനായി.

... 4-ാം പേജിന്റെ തുടർച്ച

താവേ" എന്നു എലീശ നിലവിളിച്ചു എങ്കിലും തന്റെ വിശ്വാസത്തിൽനിന്നും പിന്മാറിയില്ല. അവൻ പ്രതീക്ഷയും കൈവെടിഞ്ഞില്ല. അവന്റെ വിളിയും അഭിഷേകവും ഒന്നും മറന്നുപോയില്ല. അവൻ സ്വർഗ്ഗത്തെ നോക്കി നിലവിളിക്കുക മാത്രം ചെയ്തു.

പ്രിയ വായനക്കാരാ, ഏലിയാവിൽനിന്നും വീണ പുതപ്പെടുത്ത് എലീശ യോർദ്ദാനിലെ വെള്ളത്തിൽ അടിച്ചപ്പോൾ വെള്ളം രണ്ടായി പിരിഞ്ഞു. എലീശ നദി മുറിച്ചു കടന്നു. നിങ്ങളുടെ യോഗ്യതയോ വസ്തുബലമോ നോക്കരുത്. എലീശ കൂടുതൽ അത്ഭുതങ്ങൾ ചെയ്തു എന്ന് വേദപുസ്തകം പറയുന്നു.

**3. എല്ലാ ചെറിയ പ്രാർത്ഥനകൾക്കും ദൈവം ഉത്തരം നൽകുന്നു.**

നമ്മുടെ ആവശ്യങ്ങൾക്കായി നാം ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ നാം വിചാരിക്കുന്ന രീതിയിൽ തന്നെ ദൈവം മറുപടി തരികയില്ല. ഉദാഹരണമായി, ബാങ്കിൽ നിന്നും വായ്പ ലഭിക്കാനായി ഉപവാസത്തോടെ നിങ്ങൾ പ്രാർത്ഥിക്കുകയായിരിക്കും. പക്ഷെ അവൻ നിങ്ങളുടെ സാമ്പത്തിക ആവശ്യങ്ങളെ മറ്റൊരു രീതിയിൽ നിറവേറ്റിത്തരും.

ചെന്നൈയിൽ എനിക്ക് നല്ല ഒരു സ്നേഹിതൻ ഉണ്ട്, ഡോ. രബീന്ദർ ബോസ്. അദ്ദേഹം ഒരു സർജനാണ്. അദ്ദേഹം പണത്തോട് സ്നേഹമൊന്നുമില്ലാത്ത ഭക്തനായ മനുഷ്യനാണ്. അദ്ദേഹം ഒരു ദൈവദാസനുമായിരുന്നു. ഒരിക്കൽ ഒരു ഡോക്ടർ എന്റെ മറ്റൊരു സുഹൃത്തിന് പൈൽസിന്റെ ഓപ്പറേഷൻ വേണമെന്നു പറഞ്ഞപ്പോൾ പ്രാർത്ഥനക്കായി എന്റെ അടുക്കൽ വന്നു. ഞാൻ അയാൾക്കുവേണ്ടി പ്രാർത്ഥിച്ചിട്ട് പാവപ്പെട്ട ഈ മനുഷ്യനെ ഡോ. രബീന്ദർ ബോസിന്റെ അടുക്കൽ കൂട്ടിക്കൊണ്ട് പോയി.

രോഗിയെ പരിശോധിക്കുന്നതിനുമുമ്പ് ഡോക്ടർ ഒരു ചെറിയ പ്രാർത്ഥന ചെയ്തു. എന്നിട്ട് അദ്ദേഹം രോഗിയോട് "ശസ്ത്രക്രിയയുടെ ആവശ്യമില്ല, ധാരാളം വെള്ളവും കുടിച്ച്, പച്ചിലകളും പഴവർഗ്ഗങ്ങളും തിന്ന് ഒരു ആഴ്ച കഴിഞ്ഞ് എന്നെ വന്നു കാണുക. നിങ്ങൾ സുഖം പ്രാപിക്കുമെന്നുള്ള പരിപൂർണ്ണ വിശ്വാസം എനിക്കുണ്ട്" എന്നു പറഞ്ഞു. ഞങ്ങൾ മടങ്ങുമ്പോൾ രോഗിയുടെ മുഖം അസ്വസ്ഥമായിരുന്നു. "നീ എന്തിനാണ് വിഷമിക്കുന്നത്" എന്നു ഞാൻ ചോദിച്ചപ്പോൾ, "എനിക്ക് ശസ്ത്രക്രീയ ചെയ്യാത്തതിൽ വിഷമമുണ്ട്" എന്ന് അവൻ പറഞ്ഞു. കുറഞ്ഞ ചിലവിൽ ശസ്ത്രക്രീയ ചെയ്യുമെന്നാണ് അവൻ കരുതിയത്. എന്തായാലും ഡോക്ടറുടെ ഉപദേശം അവൻ കൃത്യമായി പാലിച്ചു.

പക്ഷെ, അദ്ദേഹം ശസ്ത്രക്രീയ കൂടാതെ തന്നെ സൗഖ്യം പ്രാപിച്ചു. അദ്ദേഹത്തിന്റെ പ്രശ്നം എന്തെന്നാൽ അയാൾ ശസ്ത്രക്രീയ ചെയ്യാൻ തയ്യാറായിരുന്നു എങ്കിലും അത് നടന്നില്ല.

ചിലപ്പോൾ നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ മനസ്സ് പറയുന്നതുപോലെയുള്ള ഉത്തരം നാം പ്രതീക്ഷിക്കും. പക്ഷെ ദൈവം തന്റെ സ്വന്തം ജ്ഞാനത്തിലും ശക്തിയിലും പ്രവർത്തിക്കുന്നു. പക്ഷെ ആ അത്ഭുതം അംഗീകരിക്കുവാൻ നാം തയ്യാറായിരിക്കണം.

ഏലിയാവിന്റെ ശക്തിയുടെ ഇരട്ടി ആഗ്രഹിച്ച എലീശയ്ക്കു ഒരു പുതപ്പു മാത്രമാണ് ലഭിച്ചത്. പക്ഷെ, ആത്മീയനായ എലീശ പൂർണ്ണ ഹൃദയത്തോടെ ആ പുതപ്പിനെ സ്വീകരിക്കുവാൻ തയ്യാറായി.

പ്രിയ ദൈവപൈതലേ, നിങ്ങളുടെ പ്രാർത്ഥനകളോടുള്ള ദൈവത്തിന്റെ മറുപടിയെക്കുറിച്ച് നിങ്ങളുടെ മനോഭാവം എന്താണ്?

## 3. ഗേഹസി

ശരീരത്തിൽ കുഷ്ഠരോഗം ബാധിച്ച ഒരു മികച്ച സൈന്യാധിപൻ അരാം രാജാവിന്റെ സൈന്യത്തിലുണ്ടായിരുന്നു. നയമാൻ എന്നായിരുന്നു അയാളുടെ പേര് (2രാജാക്കന്മാർ 5:1). യിസ്രായേലിൽ നിന്നുള്ള ഒരു ബാല്യക്കാരത്തി ദാസിയായി നയമാന്റെ വീട്ടിൽ ഉണ്ടായിരുന്നു. അവൾ ഒരു ദിവസം യജമാനത്തിയോട് നയമാനെ എലീശാ പ്രവാചകനെ കാണിച്ചാൽ രോഗം ഭേദമാകും എന്ന് അറിയിച്ചു. അങ്ങനെ നയമാൻ എലീശയുടെ അടുക്കൽ വന്നു. എലീശയുടെ വാതിൽക്കൽ എത്തിയപ്പോൾ തന്നെ യോർദ്ദാൻ നദിയിൽ ഏഴു പ്രാവശ്യം മുങ്ങുവാൻ അവനോടു പറഞ്ഞു. ഇത് കേട്ട് നയമാന് ദേഷ്യം ഉണ്ടായി. "അവൻ തന്നെ പുറത്തുവന്നു അടുത്തു നിന്നു തന്റെ ദൈവമായ യഹോവയുടെ നാമത്തെ വിളിച്ചു പ്രാർത്ഥിച്ചു തന്റെ കൈ ആ സ്ഥലത്തിന്മീതെ ആട്ടി ഇങ്ങനെ കുഷ്ഠരോഗിയെ സൗഖ്യമാക്കും എന്നു ഞാൻ വിചാരിച്ചു. യോർദ്ദാൻ നദിയെക്കാളും നല്ല നദികൾ നമ്മുടെ നാട്ടിൽ ഇല്ലേ" എന്ന് അവൻ ചോദിച്ചു. എന്നാൽ അവന്റെ ഭൃത്യന്മാർ അടുത്തുവന്ന് അവനോടു: "പിതാവേ, പ്രവാചകൻ വലിയൊരു കാര്യം നിന്നോടു


**നെഹെമ്യ ബൈബിൾ സായാഹ്ന കോളേജ്**

ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

**ഭാഷ : തമിഴ്**

*അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA*

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL Estd. 1969

**കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്**

***വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം***

***വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം***

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

**10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.**

**Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858**

E-mail : sam@echoofhiscall.org / Website : www.echoofhiscall.org

കല്പിച്ചിരുന്നുവെങ്കിൽ നീ ചെയ്യാതെ ഇരിക്കുമോ? പിന്നെ അവൻ: കുളിച്ചു ശുദ്ധനാക എന്നു നിന്നോടു കല്പിച്ചാൽ എത്ര അധികം" എന്നു പറഞ്ഞു.

ഇതു കേട്ട മാത്രയിൽ തന്നെ നയമാൻ യോർദ്ദാൻ നദിയിൽ പോയി ഏഴു പ്രാവശ്യം മുങ്ങി. മുങ്ങി കയറിയപ്പോൾ അവന്റെ ശരീരം ചെറിയ കുഞ്ഞുങ്ങളുടേതുപോലെ നൈർമല്യം ഉള്ളതായിത്തീർന്നു, അവൻ ശുദ്ധനായിത്തീർന്നു. അവനും അവന്റെ എല്ലാ സഹായികളും എലീശയുടെ മുമ്പിൽ ചെന്നു നിന്നു. അവൻ പറഞ്ഞു: "യിസ്രായേലിൽ അല്ലാതെ ഈ ലോകത്തൊരിടത്തും ഒരു ദൈവമില്ല എന്നു ഞാൻ അറിയുന്നു, നിന്റെ ദാസനിൽ നിന്നും സമ്മാനം സ്വീകരിച്ചാലും". അപ്പോൾ എലീശ: "**ഞാൻ സേവിച്ചുനിൽക്കുന്ന യഹോവയാണ, ഞാൻ ഒന്നും കൈക്കൊള്ളുകയില്ല എന്നു പറഞ്ഞു. കൈക്കൊൾവാൻ അവനെ നിർബന്ധിച്ചിട്ടും അവൻ വാങ്ങിയില്ല**" (2രാജാക്കന്മാർ 5:11-16).

എലീശയുടെ ദാസനായ ഗേഹസി ഇതു കണ്ടുകൊണ്ടു നിൽക്കയായിരുന്നു. അവൻ തന്നോടു തന്നെ ഇങ്ങനെ പറഞ്ഞു: എന്റെ യജമാനൻ നയമാനിൽ നിന്നും ഒന്നും വാങ്ങിയില്ല. ഞാൻ അവന്റെ പിന്നാലെ ചെന്ന് എന്തെങ്കിലും വാങ്ങും. അങ്ങനെ ഗേഹസി നയമാന്റെ പിന്നാലെ പോയി. അവൻ ഓടി വരുന്നതു കണ്ടപ്പോൾ "സുഖം തന്നെയോ" എന്നു ചോദിച്ചു. "സുഖം തന്നെ" എന്നു ഗേഹസി മറുപടി പറഞ്ഞു. "ഇപ്പോൾ എഫ്രയീം മലനിരകളിൽ നിന്ന് രണ്ടു പ്രവാചകപുത്രന്മാർ യജമാനന്റെ അടുക്കൽ വന്നിരിക്കുന്നു. അവർക്കായി ഒരു താലന്തു വെള്ളിയും രണ്ടു വസ്ത്രവും തരാൻ മനസ്സുണ്ടാകണമെന്ന് യജമാനൻ അറിയിച്ചിരിക്കുന്നു" എന്നു പറഞ്ഞു. രണ്ടു താലന്ത് എടുക്കാൻ നയമാൻ നിർബന്ധിച്ചു, രണ്ടു ദാസന്മാരോടൊപ്പം കൊടുത്തുവിട്ടു. ഗേഹസി അതു വാങ്ങി വീട്ടിൽ സൂക്ഷിച്ചു. ദാസന്മാരെ പറഞ്ഞുവിട്ടതിനുശേഷം അവൻ പോയി.

അവൻ പോയി തന്റെ യജമാനന്റെ മുമ്പാകെ നിന്നു. എലീശ അവനോട് "ഗേഹസീ നീ എവിടെ പോയിരുന്നു" എന്നു ചോദിച്ചു. "അടിയൻ എവിടെയും പോയില്ല" എന്ന് അവൻ പറഞ്ഞു. അതിന്നു അവൻ: "ആ പുരുഷൻ രഥത്തിൽനിന്നും ഇറങ്ങി നിന്നെ എതിരേറ്റപ്പോൾ എന്റെ ഹൃദയം നിന്നോടുകൂടെ പോന്നിരുന്നില്ലയോ? ദ്രവ്യം സമ്പാദിപ്പാനും വസ്ത്രം, ഒലീവുതോട്ടം, മുന്തിരിത്തോട്ടം, ആടുമാടുകൾ, ദാസീദാസന്മാർ എന്നിവക മേടിപ്പാനും ഇതാകുന്നുവോ സമയം? ആകയാൽ നയമാന്റെ കുഷ്ഠം നിനക്കും നിന്റെ സന്തതിക്കും എന്നേക്കും പിടിച്ചിരിക്കും എന്ന് അവനോടു പറഞ്ഞു. അവൻ ഹിമം പോലെ വെളുത്തു കുഷ്ഠരോഗിയായി അവനെ വിട്ടു പുറപ്പെട്ടുപോയി" (2 രാജാക്കന്മാർ 5:26,27). ദൈവത്തിന്റെ ദാസനായ ഗേഹസിയുടെ പേര് ദൈവദാസന്മാരുടെ പട്ടികയിൽ നിന്ന് എടുത്തുകളഞ്ഞു. അവന്റെ സന്തതികളും ശപിക്കപ്പെട്ടു.

നിങ്ങളുടെ മാതൃകാപുരുഷൻ ആരാണ്? എന്നോടു ചോദിക്കുകയാണെങ്കിൽ ഞാൻ എലീശയുടെ പേര് പറയും. എലീശയുടെ അഭിഷേകം എന്നിലേക്ക് പ്രവഹിക്കുവാൻ ഞാൻ അത്യധികം ആഗ്രഹിക്കുന്നു. അങ്ങനെ ഞാൻ ഇരട്ടിയായി അനുഗ്രഹിക്കപ്പെടുകയും ഈ ലോകത്തിൽ അനുഗ്രഹപ്രദമായ ജീവിതം നയിക്കുവാൻ സാധിക്കുകയും ചെയ്യും.

ദയവായി അല്പനേരം ചിന്തിക്കുവിൻ. നിങ്ങളെ എലീശയെപ്പോലെയാണോ വിളിച്ചിരിക്കുന്നത്? എലീശയെപ്പോലെയാണ് നിങ്ങളെ വിളിച്ചിരിക്കുന്നത് എങ്കിലും ശരീരത്തിലും ആത്മാവിലുമുള്ള നിരവധി പ്രശ്നങ്ങളുമായി നിങ്ങൾ ഇപ്പോഴും പോരാടുകയാണോ? നല്ല പ്രവർത്തനത്തിന്റെയോ ശുശ്രൂഷയുടെയോ പേരിൽ ഗേഹസിയെപ്പോലെ പണം സ്വീകരിക്കുന്ന ജീവിതം നയിക്കുകയാണോ നിങ്ങൾ?

ഇന്നത്തെ ദൈവദാസന്മാരുടെ ബാഗുകളിൽ വേദപുസ്തകമോ ലഘുലേഖകളോ

*09-ാം പേജിൽ തുടരും...*


## ഇന്ത്യയ്ക്കകത്തുള്ള അപേക്ഷകർക്കുള്ള തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ്(96പേജുകൾ) എന്നീ ഭാഷകളിൽ തപാലിൽ കോഴ്സുകൾ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് നിങ്ങൾക്ക് ലഭിക്കുന്നു. കോഴ് സ് പൂർത്തിയാക്കുമ്പോൾ സർട്ടി ിക്കേ റ്റ് ലഭിക്കുന്നതാണ്. നിർബന്ധിത ഫീ സ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ് പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി നൽകുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**The Chairman, Nehemiah Bible College,**
Echo of His Call, Post Box 2957
CHEPAUK, CHENNAI - 600 005.
**Ph.: (044) 2852 8282, 2852 9293, 2854 7766,**
**Cell : 98410 71852, 95661 31858**
**E.mail : biblecor@yahoo.co.in**



## നികുതി ഇളവ്

**"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

**PIT TO PALACE**

**(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)**

**"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)**

## ഒരു പെൻസിൽ പായയുടെ പഴയ കഥ

**ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല (സദൃശവാക്യങ്ങൾ 22:6)**

ഗ്രാമത്തിലെ ഗവൺമെന്റ് സ്കൂളിൽ നിന്നും 5-ാം ക്ലാസ് പാസ്സായി മറ്റൊരു ഹൈസ്കൂളിൽ ചേർന്ന ഞാൻ ആദ്യമായി ഇംഗ്ലീഷ് അക്ഷരമാല പഠിക്കാൻ തുടങ്ങി. ചേർന്ന ദിവസം തന്നെ അടുത്ത ദിവസം വരുമ്പോൾ ഒരു നോട്ടുബുക്കും പെൻസിലും കൊണ്ടുവരുവാൻ ടീച്ചർ പറഞ്ഞു. എന്റെ പിതാവ് സ്ഥലത്തില്ലാത്തതിനാൽ എന്റെ ഈ ആവശ്യം ഞാൻ അമ്മയോടു പറഞ്ഞു. ഒരു നോട്ടുബുക്ക് സംഘടിപ്പിക്കുവാൻ അവർക്കു കഴിഞ്ഞു എങ്കിലും പെൻസിൽ വാങ്ങുവാൻ കഴിഞ്ഞില്ല. ഈ ആവശ്യം അടുത്തുള്ള ബന്ധുക്കളോട് പറയുവാൻ താല്പര്യമില്ലാത്തതിനാൽ അവരുടെ നിസ്സഹായാവസ്ഥ എന്നോട് പറയുകയും പെൻസിലിനായി ദൈവത്തോട് പ്രാർത്ഥിക്കുവാൻ പറയുകയും ചെയ്തു.

അമ്മ പറഞ്ഞതുപോലെ ഒരു പെൻസിൽ തരാനായി ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് ഉറങ്ങാൻ പോയി. അടുത്ത ദിവസം പ്രഭാതം വരെ ദൈവം എനിക്കു പെൻസിൽ തന്നില്ല. അതിനാൽ എനിക്കു പെൻസിൽ ഇല്ലാതെ സ്കൂളിൽ പോകേണ്ടിവന്നു. മറ്റെല്ലാ കുട്ടികളും പെൻസിൽ കൊണ്ടുവന്നതിനാൽ ടീച്ചറുടെ ആജ്ഞ ലംഘിച്ച ഒരേ ഒരു വിദ്യാർത്ഥി ഞാനായിരുന്നു. അതിനാൽ ടീച്ചർ എന്നിൽ തൃപ്തനായിരുന്നില്ല. അടുത്ത ദിവസം പെൻസിൽ ഇല്ലാതെ സ്കൂളിൽ വരരുത് എന്ന് ടീച്ചർ പറഞ്ഞു.

ഞാൻ വീട്ടിൽ വന്നപ്പോൾ ടീച്ചർക്കുള്ള അനിഷ്ടത്തെക്കുറിച്ച് അമ്മയോടു പറഞ്ഞു. അമ്മ പുഞ്ചിരിച്ചുകൊണ്ട് രണ്ടാം ദിവസവും പ്രാർത്ഥിക്കുവാൻ പറഞ്ഞു. കൂടാതെ പെൻസിൽ വന്നുകൊണ്ടിരിക്കുകയാണെന്നും പറഞ്ഞു. ഞാൻ അങ്ങനെ ചെയ്തു എങ്കിലും ഒന്നും സംഭവിച്ചില്ല. അതുകൊണ്ട് വെറും കൈയ്യോടെ സ്കൂളിൽ പോകേണ്ടിവന്നു. ടീച്ചർ ചോദിച്ചപ്പോൾ, പെൻസിലിനുവേണ്ടി ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചിട്ടുണ്ടെന്നും പെൻസിൽ വന്നുകൊണ്ടിരിക്കുന്നു എന്ന് അമ്മ പറഞ്ഞതായും പറഞ്ഞു. ടീച്ചർ പ്രകോപിതയായി എന്നോടും അമ്മയുടെ മനോഭാവത്തോടും ദേഷ്യപ്പെട്ടു. പെൻസിൽ ഇല്ലാതെ നാളെ സ്കൂളിൽ വരരുതെന്ന് അവർ താക്കീതു ചെയ്തു.

വളരെ സങ്കടത്തോടെ ഈ വിവരം അമ്മയോടു പറഞ്ഞു. പെൻസിലിനു വേണ്ടിയുള്ള പ്രാർത്ഥന ദൈവം കേട്ടതിന് നന്ദി പറയാൻ അമ്മ പറഞ്ഞു. അർദ്ധരാത്രി വരെ ഞാൻ കർത്താവിനോടു നന്ദി പറഞ്ഞു. പെൻസിൽ ഇല്ലാതെ ഞാൻ നാളെ സ്കൂളിൽ പോയാലുണ്ടാകാവുന്ന കഷ്ടപ്പാടുകളും ശിക്ഷയും ഓർത്തപ്പോൾ ഉറങ്ങാൻ കഴിഞ്ഞില്ല.

എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് അർദ്ധരാത്രിയിൽ ആരോ കതകിൽ മുട്ടുന്നതു കേട്ടു. വീട്ടിൽ മുതിർന്ന പുരുഷന്മാരില്ലെന്നു മനസ്സിലാക്കി കള്ളന്മാരായിരിക്കുമെന്നും മിണ്ടാതെ കിടന്നുറങ്ങാനും അമ്മ പറഞ്ഞു.

അപ്പോൾ അമ്മയുടെ പേര് ജനലിലൂടെ വിളിക്കുന്ന ശബ്ദം കേട്ടു. അത് ഏകദേശ 70 കിലോമീറ്റർ അകലെ, പാളയംകോട്ടയിൽ പോലീസ് ഓഫീസറായി ജോലി ചെയ്യുന്ന ഞങ്ങളുടെ അങ്കിൾ ശ്രീ. സെൽവമണി ആയിരുന്നു. സന്തോഷത്തോടെ ഞങ്ങൾ വാതിൽ തുറന്നു. സാധാരണ ചെയ്യുന്നതുപോലെ അദ്ദേഹം എനിക്ക് ബിസ്ക്കറ്റ്, മിഠായി, തുണികൾ തുടങ്ങിയ സമ്മാനങ്ങൾ തന്നു. ഒരു പ്രത്യേക സമ്മാനപ്പെട്ടി തുറന്നപ്പോൾ അതിനകത്ത് മറ്റൊരു പെട്ടി കണ്ടു. ആകാംക്ഷയോടെ ആ പെട്ടി തുറന്നപ്പോൾ അതു മുഴുവനും വിലയേറിയ പെൻസിലുകളായിരുന്നു (അന്നത്തെ ഏറ്റവും വില കൂടിയ പെൻസിൽ ആയിരുന്നു നടരാജ് പെൻസിൽ). പെട്ടിയിൽ 24 പെൻസിലുകളുണ്ടായിരുന്നു.

യേശുക്രിസ്തു എന്റെ പ്രാർത്ഥന കേൾക്കുക മാത്രമല്ല, അതിന് ഉത്തരം നൽകുകയും ചെയ്തു എന്ന് ഓർത്ത് ഞാൻ തുള്ളിച്ചാടുകയായിരുന്നു. എനിക്ക് ആ രാത്രി മുഴുവനും ഉറങ്ങാൻ കഴിഞ്ഞില്ല.

അടുത്ത പ്രഭാതത്തിൽ ഞാൻ വില കൂടിയ ഈ 24 പെൻസിലിന്റെ പെട്ടിയുമായി സ്കൂളിൽ പോയി. മറ്റു കുട്ടികളെല്ലാം ഒരു പെൻസിൽ മാത്രമാണ് കൊണ്ടുവന്നത്. പരുഷമായ മുഖത്തോടെ ടീച്ചർ എന്റെ അടുക്കൽ വന്ന് കാര്യം അന്വേഷിച്ചു. ഇന്നലെ മുതൽ എന്റെ അടുക്കൽ വന്നുകൊണ്ടിരുന്ന പെൻസിൽ അത്ഭുതകരമായി രാത്രി വന്നു ചേർന്നു എന്ന് ഞാൻ പറഞ്ഞു. അവർ വളരെ സന്തോഷത്തോടെ എന്റെ മുതുകിൽ തലോടിക്കൊണ്ട് ജീവനുള്ള ദൈവം ഉണ്ട് എന്ന് എല്ലാവരോടും പ്രഖ്യാപിച്ചു. യേശുക്രിസ്തു എന്നാണ് അവന്റെ പേര്.

പ്രീയ വായനക്കാരാ, ഇത് എനിക്ക് ഒൻപതു വയസ്സുള്ളപ്പോൾ സംഭവിച്ചതാണ്. എങ്കിലും അത് എന്റെ മനസ്സിൽ മായാതെ കിടക്കുന്നു. എനിക്ക് പെൻസിലുകൾ തന്ന ദൈവം ഇന്നും ജീവിക്കുന്നു. അവൻ ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ (എബ്രായർ 13:8). അതിനാൽ ഒരു ചെറിയ പായ ഞാൻ എന്റെ മുറിയിൽ ഇപ്പോഴും സൂക്ഷിക്കുന്നു. ഞാൻ അതിനെ പെൻസിൽ പായ എന്നാണ് പേര് ഇട്ടിരിക്കുന്നത്. എന്റെ തിരക്കു പിടിച്ച പരിപാടികളുടെ മദ്ധ്യേയും അതിരാവിലെ ഞാൻ പെൻസിൽ പായയിൽ മുട്ടുകുത്തി എന്റെ എല്ലാ ആവശ്യങ്ങളും അതേ ദൈവത്തിന്റെ മുമ്പിൽ സമർപ്പിച്ചു പ്രാർത്ഥിക്കുന്നു. ദിവസവും മൂന്നു നേരമെങ്കിലും ഞാൻ ഇങ്ങനെ പ്രാർത്ഥിക്കാറു

ണ്ട്. ഈ പെൻസിൽ പായയിലൂടെ എനിക്ക് സൂചി മുതൽ അനേകം മിനി ബസ്സുകൾ, വലുതും ചെറുതുമായ കെട്ടിടങ്ങൾ എന്നിവ ദൈവത്തിൽനിന്നും ലഭിച്ചിട്ടുണ്ട്. അതിനാൽ ഇങ്ങനെ ഒരു പരി സമാപ്തിയിലേക്ക് ഞാൻ എത്തിച്ചേർന്നു: **വേദപുസ്തകം വഹിക്കുന്ന കരങ്ങളും മുട്ടുകുത്തി പ്രാർത്ഥിക്കുന്ന കാലുകളും ഉണ്ടെങ്കിൽ ഒരിക്കലും പരാജയം അനുഭവിക്കുകയില്ല.**

കഴിഞ്ഞ 53 വർഷത്തെ എന്റെ ശുശ്രൂഷാ ജീവിതത്തിൽ ഒരിക്കൽ പോലും പണം സമാഹരിക്കുന്നതിലേക്കായി ഒരു പരിപാടി നടത്തുകയോ വീടുകൾ കയറിയിറങ്ങി പണം പിരിക്കുകയോ സാധനങ്ങൾ ശേഖരിക്കുകയോ ചെയ്തിട്ടില്ല. എന്റെ ബഹുമുഖമായ ശുശ്രൂഷകൾക്കായി ഞാൻ പെൻസിൽ പായയിൽ മുട്ടുകുത്തി ദൈവത്തോടു യാചിച്ചു, നേടുന്നു.

**"എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു"** (ഫിലിപ്പിയർ 4:13).

************

... 7-ാം പേജിന്റെ തുടർച്ച

കാണണമെന്നില്ല. ചെറിയ പ്രോജക്ടുകളുടെ രൂപരേഖകളും അതുമായി ബന്ധപ്പെട്ട പേപ്പറുകളും നിശ്ചയമായും കാണും. ചിലർ ഇതിന്റെ വിശദാംശങ്ങൾ കാണാതെ പറയാൻ പോലും പഠിച്ചു വച്ചിട്ടുണ്ട്. ഇന്നത്തെ പല ദൈവദാസന്മാരും അവർ കാണുന്നതെന്തും തട്ടിയെടുക്കാനുള്ള പദ്ധതികൾ കണ്ടുപിടിക്കാൻ നന്നായിട്ട് അറിയാം. പണം സമ്പാദിക്കുവാനായി ചില "വിശുദ്ധ കാരണങ്ങൾ" അവർക്കുണ്ട്.

ദൈവത്തിന്റെ വേലക്കാർക്ക് പണം ആവശ്യമായി വരുമ്പോൾ "നിങ്ങളുടെ പണം എനിക്കു നൽകുവിൻ, ഞാൻ കണ്ണുനീരോടെ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും, നിശ്ചയമായും നിങ്ങൾ അനുഗ്രഹിക്കപ്പെടും" എന്ന് പ്രഖ്യാപിക്കുന്നു. "ഞങ്ങളുടെ ശുശ്രൂഷയ്ക്കുവേണ്ടി 1000 രൂപ തരാൻ സന്നദ്ധരായിട്ടുള്ള 750 പേരെ ദൈവം വിളിക്കുന്നു" എന്നു മറ്റു ചിലർ പറയും. മറ്റു ചിലർ പറയുന്നത് "നിങ്ങൾ ഔദ്യോഗിക ജീവിതത്തിൽനിന്നും വിരമിച്ചപ്പോൾ ലഭിച്ച മുഴുവൻ തുകയും ഞങ്ങളുടെ ശുശ്രൂഷയ്ക്കു തരുവിൻ എന്ന് ദൈവം ഞങ്ങൾക്ക് പ്രത്യക്ഷനായി അരുളിച്ചെയ്തിരിക്കുന്നു. ഞങ്ങൾ അത് അഞ്ചു വർഷം കഴിയുമ്പോൾ മടക്കിത്തരുന്നതാണ്".

പെതുജനങ്ങളെ വഞ്ചിക്കാൻ യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചില്ല. പകരം അവൻ അവരോടു പറഞ്ഞത്: "എങ്കിലും നാം അവർക്കു ഇടർച്ച വരുത്താതിരിക്കേണ്ടതിന്നു നീ കടലിലേക്കു ചെന്നു ചൂണ്ടൽ ഇട്ടു ആദ്യം കിട്ടുന്ന മീനിനെ എടുക്ക; അതിന്റെ വായ് തുറക്കുമ്പോൾ ഒരു ചതുർദ്രഹ്മപ്പണം കാണും അതു എടുത്ത് എനിക്കും നിനക്കും വേണ്ടി കൊടുക്ക" എന്നാണ് (മത്തായി 17:27). ചില ദൈവദാസന്മാർ തെറ്റായ രീതിയിൽ പണമുണ്ടാക്കി അതിന്റെ രുചി ഇഷ്ടപ്പെട്ടുപോയവരാണ്. ഇതിൽ അല്പം ദൈവവേലക്കായി വിനിയോഗിക്കാറുമുണ്ട്. പക്ഷെ ദൈവം അങ്ങനെ സമ്പാദിക്കുന്ന പണത്തിനുവേണ്ടിയുള്ളവനല്ല. പ്രീയപ്പെട്ട ദൈവദാസന്മാരേ, നിങ്ങളുടെ എല്ലാ പ്രവൃത്തികളിലും ജാഗ്രത പുലർത്തുവിൻ.

നാം നമ്മുടെ ശുശ്രൂഷ സത്യസന്ധമായി ചെയ്യുകയാണെങ്കിൽ പണത്തിനുവേണ്ടി അലഞ്ഞുതിരിയേണ്ട കാര്യമില്ല. പണം കണ്ടെത്താനുള്ള വഴികളെക്കുറിച്ചും ആലോചിക്കേണ്ടതില്ല. അതിനുവേണ്ടി പല നൂതന പദ്ധതികളും ആവിഷ്കരിക്കേണ്ടതില്ല. നമ്മെ വിളിച്ച ദൈവം വിശ്വസ്തനാണ്. അവൻ ഒരിക്കലും തന്റെ മക്കളെ നിരാശരാക്കുകയില്ല. അവൻ ഒരു ശുശ്രൂഷയെയും അവഗണിക്കുകയില്ല. പക്ഷെ അതിന്റെ ഉദ്ദേശശുദ്ധിയെ അവൻ നിരീക്ഷിക്കും.

**പ്രീയ ദൈവമക്കളേ, നിങ്ങൾ നിങ്ങളുടെ മാനസികവ്യാപാരത്തിനനുസരിച്ചുതന്നെയാണോ ജീവിക്കുന്നത്? അത് ചെറുതായാലും വലുതായാലും ഏലിയാവിനെപ്പോലെ വിശുദ്ധ ജീവിതം നയിച്ച് സ്വർഗ്ഗത്തിൽ എത്തിച്ചേരാൻ നിങ്ങൾ തയ്യാറാണോ?**

**അല്ലെങ്കിൽ**

**നിങ്ങൾ എലീശയെപ്പോലെ ഉത്സാഹത്തോടെ പ്രാർത്ഥിക്കയും വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും ചെയ്ത് നിങ്ങളുടെ വിളിയിൽ ശക്തരാകുവാനും ഇരട്ടി അനുഗ്രഹം പ്രാപിക്കാനും തയ്യാറാകുമോ? നിങ്ങൾ എലീശയെ അനുഗമിക്കുകയും നിങ്ങളുടെ ശത്രുക്കളെക്കാൾ ജ്ഞാനികളും നിങ്ങളുടെ അദ്ധ്യാപകരെക്കാളും മൂപ്പന്മാരെക്കാളും ബുദ്ധിമാന്മാരും ആകുമോ? (സങ്കീർത്തനങ്ങൾ 119:98-100).**

**അല്ലെങ്കിൽ**

**ശുശ്രൂഷയുടെ പേരിൽ എന്തെങ്കിലുമൊക്കെ ചെയ്യുന്ന ഗേഹസിയെപോലെ പണമുണ്ടാക്കാൻ വേണ്ടി അങ്ങോട്ടുമിങ്ങോട്ടുമൊക്കെ ഓടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? അതിലൂടെ നിങ്ങളുടെ ശുശ്രൂഷയെ നഷ്ടപ്പെടുത്തുകയും തലമുറകൾക്കു ശാപം സമ്പാദിക്കുവാനും ഇടയാക്കുമോ?**

**നിങ്ങളുടെ ആഗ്രഹത്തെ അടിസ്ഥാനമാക്കിയാണ് നിങ്ങളുടെ തീരുമാനം. എന്താണ് നിങ്ങളുടെ ഉത്തരം?**

************

**വിളിയുടെ പ്രതിധ്വനിയുടെ പ്രസിദ്ധീകരണങ്ങൾക്ക് അസാധാരണമായ സംഭാവന നൽകിയ പ്രതിഭാശാലിയായ മനുഷ്യന് ഞങ്ങളുടെ ആദരം!**



**കഴിഞ്ഞ 43 വർഷങ്ങളായി വാർത്താ മാസികയായ വിളിയുടെ പ്രതിധ്വനിയുടെ സീനിയർ അസ്സോസിയേറ്റ് എഡിറ്ററായിരുന്ന**

## ബ്ര. മാനുവേൽ എം. പോൾരാജ്

**തന്റെ 72-ാം വയസ്സിൽ 2022 മെയ് 25-ാം തിയതി രാവിലെ 6.00 മണിക്ക് കർത്താവിൽ നിദ്ര പ്രാപിച്ചു. അദ്ദേഹത്തിന് ഭാര്യയും മകനും മകളും ചെറുമക്കളും ഉണ്ട്. ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുവിൻ**

**- പാസ്റ്റർ. എസ്. സാം സെൽവരാജ്**

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

**വിളിയുടെ പ്രതിധ്വനി**

**യുട്യൂബ്**
**ദയവായി വരിക്കാരാകുക**

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ - എഡിറ്റർ

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/– രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/– രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th JULY, 2022.
If un-delivered please return to:
**ECHO OF HIS CALL (MALAYALAM)**
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by him at **Echo of His Call Printers**, New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**